**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3222** **01-03-2023 - ൽ മറുപടിയ്ക്ക്**

**ദേശീയ വിദ്യാഭ്യാസ നയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ദേശീയ വിദ്യാഭ്യാസ നയം 2020 കേരളത്തിൽ അതേ രീതിയിൽ നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ദേശീയ വിദ്യാഭ്യാസ നയം 2020 -ൽ കേരളം വർഷങ്ങൾക്ക മുമ്പ് തന്നെ കൈവരിച്ച എല്ലാ കുട്ടികളെയും സ്കൂളിൽ എത്തിക്കുക, നിലനിർത്തുക തുടങ്ങിയ അടിസ്ഥാന കാര്യങ്ങളിലാണ് കൂടുതൽ ഊന്നൽ നൽകിയിട്ടുള്ളത്. ദേശീയ വിദ്യാഭ്യാസ നയം 2020 പ്രതിലോമകരമായ പല നിർദ്ദേശങ്ങളും മുന്നോട്ടു വച്ചിട്ടുണ്ട്. കൂടാതെ സ്കൂൾ കോംപ്ലക്സ് സംവിധാനം, ജീവകാരുണ്യ സ്ഥാപനങ്ങൾക്ക് സ്കൂൾ നടത്താനുള്ള അനുമതി നൽകൽ, കേന്ദ്രീകൃതമായ പാഠപുസ്തകങ്ങൾ, ചെറിയ ക്ലാസുകളിൽ പൊതുപരീക്ഷകൾ, വളരെ ചെറിയ പ്രായത്തിൽ തന്നെ തൊഴിൽ വിദ്യാഭ്യാസം, ഘടനാമാറ്റം തുടങ്ങിയ നിരവധി നിർദ്ദേശങ്ങൾ സംബന്ധിച്ച് കേരളത്തിന് അനുയോജ്യമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുണ്ട്. നിലവിൽ നടപ്പിലാക്കിവരുന്ന പാഠ്യപദ്ധതി പരിഷ്കരണത്തിൽ ഇത്തരം കാര്യങ്ങൾ സൂക്ഷ്മമായി വിലയിരുത്തി ആവശ്യമായ തീരുമാനം എടുക്കുന്നതാണ്. |
| (ബി) | പ്രസ്തുത നയത്തിൽ എന്തെങ്കിലും ഭേദഗതികൾ വരുത്താൻ ഉദ്ദേശിക്കുന്നുവെങ്കിൽ അവ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (ബി) | ദേശീയ വിദ്യാഭ്യാസനയം 2020 സൂക്ഷ്മമായി വിലയിരുത്തുകയുണ്ടായി. പുരോഗമന വിദ്യാഭ്യാസ കാഴ്ചപ്പാടുകൾ ഉയർത്തിപ്പിടിക്കുന്ന സംസ്ഥാനമെന്ന നിലയ്ക്ക് കേരളത്തിന് പ്രസ്തുത വിദ്യാഭ്യാസനയത്തെക്കുറിച്ച് പല ആശങ്കകളുമുണ്ട്. ഇതുമായി ബന്ധപ്പെട്ട് എസ്.സി.ഇ.ആർ.ടി തയ്യാറാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരളത്തിന്റെ ആശങ്കകൾ കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്. |
| (സി) | നാഷണൽ ടെക്സ്റ്റ് ബുക്ക് വിത്ത് ലോക്കൽ ഫ്ലേവർ എന്നത് സംസ്ഥാന സർക്കാർ അംഗീകരിക്കുന്നുണ്ടോ; വിശദമാക്കാമോ? | (സി) | കേന്ദ്ര വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി എല്ലാ സംസ്ഥാനങ്ങളിലും പാഠ്യപദ്ധതി പരിഷ്കരണം നടക്കുന്നുണ്ട്. പക്ഷെ, ഇക്കാര്യത്തിൽ കേരളം വ്യത്യസ്തമായ സമീപനമാണ് സ്വീകരിക്കുന്നത്. കേരളത്തിന്റെ ചരിത്രവും, തനത് സംസ്കാരവും, |

| | | | |
|---|---|---|---|
| | | | വൈവിധ്യങ്ങളും, നാളിതുവരെ നേടിയ പുരോഗമനപരമായ കാഴ്ചപ്പാടുകളും ഒക്കെ പരിഗണിച്ചു കൊണ്ടുള്ള പാഠപുസ്തകങ്ങൾ തയ്യാറാക്കുന്നതിനാണ് പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി തീരുമാനിച്ചിട്ടുള്ളത്. അതുകൊണ്ടുതന്നെ നാഷണൽ ടെക്സ്റ്റ് ബുക്ക് വിത്ത് ലോക്കൽ ഫ്ളേവർ എന്ന ആശയത്തോട് യോജിക്കാൻ കഴിയില്ല. |

സെക്ഷൻ ഓഫീസർ